**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 393** **10-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.വി.അൻവർ** | | **Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | റെയിൽ പാത ഇരട്ടിപ്പിച്ച് ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തിയാൽ സംസ്ഥാനത്ത് റെയിൽ ഗതാഗത രംഗത്ത് വൻ പുരോഗതി സാധ്യമാകുമെന്നതുകൊണ്ട് ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (എ) | പാതയിരട്ടിപ്പൽ, ഓട്ടോമേറ്റിക്ക് സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയവ ഇന്ത്യൻ റെയിൽവേ അതത് സോണൽ റെയിൽവേക്കാണ് നടത്തിപ്പ ചുമതല നൽകിയിരിക്കുന്നത്. എന്നിരുന്നാലും റെയിൽ വകുപ്പ മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയത്തിന് കത്ത് നൽകുകയും ഇതുമായി ബന്ധപ്പെട്ട തുടർചർച്ചകളും കത്തിടപാടുകളും നടത്തി വരുന്നു. |
| (ബി) | തിരുവനന്തപുരം സെൻട്രൽ സ്റ്റേഷന്റെ സ്ഥലപരിമിതി പരിഗണിച്ച് നേമം, കൊച്ചുവേളി ടെർമിനലുകൾ വിപുലീകരിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | പ്രസ്തുത പദ്ധതി അതത് സോണൽ റെയിൽവെയാണ് ഏറ്റെടുത്ത് നടത്തി വരുന്നത്. |
| (സി) | സംസ്ഥാനത്ത് ട്രെയിൻ യാത്രാ ദുരിതം പരിഹരിക്കാൻ കൂടുതൽ ദീർഘദൂര പാസഞ്ചർ ട്രെയിനുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് ട്രെയിൻ യാത്രാ ദുരിതം പരിഹരിക്കാൻ കൂടുതൽ ദീർഘദൂര പാസഞ്ചർ ട്രെയിനുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന റെയിൽ വകുപ്പ മന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ